പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം : 141 26.09. 2011-ൽ മറുപടിക്ക്.

## ആയുധം കൈവശം വയ്ക്കുവാനുള്ള ലൈസൻസ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. എ. റ്റി. ജോർജ്<br>ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. ലൂഡി ലൂയിസ് | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) ആയുധം കൈവശം വയ്ക്കുവാനുള്ള ലൈസൻസ് പുതുക്കുന്നതു സംബന്ധിച്ച് നിലവിലുള്ള നിയമത്തിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ; | : (എ) കേന്ദ്ര സർക്കാരിന്റെ ആയുധ നിയമം 1959 ചട്ടം 1962 പ്രകാരമാണ് സംസ്ഥാന സർക്കാർ ആയുധ ലൈസൻസ് അനുവദിക്കുന്നതും പുതുക്കുന്നതും. ആയുധ നിയമങ്ങളിലും ചട്ടങ്ങളിലും മാറ്റം വരുത്തുന്നത് കേന്ദ്ര സർക്കാരാണ്. ആയുധ ലൈസൻസ് പുതുക്കുന്നത് സംബന്ധിച്ച് കാലാകാലങ്ങളിൽ കേന്ദ്ര സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാറുണ്ട്. |
| (ബി) ഇതുമൂലം വിമുക്തഭടന്മാർ ഉൾപ്പെടെയുള്ള പലർക്കും ബുദ്ധിമുട്ടുണ്ടാകുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ സംസ്ഥാനത്തിന്റെ ക്രമസമാധാനം സംരക്ഷിക്കുന്നതരത്തിൽ ഈ പ്രശ്നം പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിക്കും ? | : (ബി) ആയുധ വ്യാപനം കുറയ്ക്കുന്നതിലേയ്ക്കായി ചില നിയന്ത്രണങ്ങൾ കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരാണ് നടപടികൾ സ്വീകരിക്കേണ്ടത്. |

സെക്ഷൻ ഓഫീസർ